# Malayala Manorama

## 11 August 2018

## Karumalloor: Heavy Rain , Relief activites

# ഓർമക്കെട്ടഴിച്ച് അയ്യക്കുട്ടി

കരുമാലൂർ ● ദുരിതാശ്വാസ ക്യാംപിലെത്തിയ എൺപതുകാരി അയ്യക്കുട്ടിക്കു പറയാനുണ്ട് പഴയകാലത്തെ വെള്ളപ്പൊക്കത്തിന്റെ ഓർമകൾ. കരുമാലൂർ ചിറ്റമനപ്പള്ളം സ്വദേശിനിയായ അയ്യക്കുട്ടി തുടർച്ചയായ നാലാം തവണയാണു ദുരിതാശ്വാസ ക്യാംപിലെത്തുന്നത്.

ജനിച്ചതിനു ശേഷം 1961ൽ വന്ന വെള്ളപ്പൊക്കമായിരുന്നു ഏറ്റവും ദുരിതം വിതച്ചതെന്നാണ് അയ്യക്കുട്ടിയുടെ പക്ഷം. ഇന്നത്തെപ്പോലെ വാർത്തകളും വിവരങ്ങളും അറിയാൻ വളരെ ബുദ്ധിമുട്ടായിരുന്നു.

അതിനുള്ള ഉപാധികളൊന്നും വീട്ടിൽ ഉണ്ടായിരുന്നില്ല.

അതിനാൽ പെട്ടെന്നു പ്രളയം വന്നപ്പോൾ പേടിച്ചു.

അന്ന് അയ്യക്കുട്ടിക്ക് ഏകദേശം ഇരുപതു വയസ്സിനു മുകളിൽ പ്രായം ഉണ്ടായിരുന്നെന്നു സഹോദരൻ പറഞ്ഞു. റോഡും തോടുമെല്ലാം നിറഞ്ഞു ഭീതിജനകമായ അവസ്ഥയിലായിരുന്നു. ഒരാഴ്ചയിലേറെ പ്രദേശത്തു വെള്ളം കെട്ടിനിന്നു.

ഇന്നത്തെ ആലുവ-പറവൂർ പ്രധാന പാതവരെ വെള്ളക്കെട്ടിൽ മുങ്ങി വാഹനഗതാഗതം സ്തംഭിച്ചത് അയ്യക്കുട്ടി ഓർത്തെടുത്തു.



അയ്യക്കുട്ടി

പിന്നീട് 1992ൽ അണക്കെട്ടു തുറന്നുവിട്ടപ്പോൾ വെള്ളപ്പൊക്കമുണ്ടായെങ്കിലും 1961ലേതു പോലെ രൂക്ഷമായില്ല. വീടുകൾ പലതും വെള്ളത്തിൽ മുങ്ങി.

ഒടുവിൽ ദുരിതാശ്വാസ ക്യാംപിൽ അഭയം പ്രാപിച്ചു. അന്നു പെരിയാറിന്റെ തീരത്തെ പുറപ്പിള്ളിക്കാവ് - മനയ്ക്കപ്പടി റോഡ് വെള്ളക്കെട്ടിൽ മുങ്ങിയിരുന്നു.

2013ൽ ഡാം തുറന്നപ്പോൾ ഇന്നത്തേതു പോലെയുള്ള അവസ്ഥയായിരുന്നു. ഓർമവച്ച കാലം മുതൽ എന്നു വെള്ളപ്പൊക്കമുണ്ടായാലും തട്ടാംപടിയിലുള്ള സെന്റ് ലിറ്റിൽ ട്രീസാസ് സ്കൂളിൽ തന്നെയാണ് അഭയം പ്രാപിക്കുന്നതെന്ന് അയ്യക്കുട്ടി പറഞ്ഞു.